LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

# ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്

## ISO 9001:2015

നെല്ലിക്കാല പി. ഒ, പത്തനംതിട്ട ജില്ല,
കേരളം – 689643.



# ബജറ്റ് 2026-27

# ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്



# ബജറ്റ് 2026-27

(28.02.2026 ൽ 2.30 PM ന് ചേർന്ന ഭരണസമിതി യോഗത്തിന്റെ
1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചത്)

# ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതി



**ഗീത സജീവ് ഭാസ്കർ**
പ്രസിഡന്റ്



**അജി അലക്സ്**
വൈസ് പ്രസിഡന്റ് & ധനകാര്യ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ



**കല അജിത്ത്**
വികസന സ്റ്റാൻഡിംഗ് കമ്മറ്റി
ചെയർപേഴ്സൺ



**മോളി മാത്യു**
ക്ഷേമകാര്യ സ്റ്റാൻഡിംഗ്
കമ്മറ്റി ചെയർപേഴ്സൺ



**അശോക് ഗോപിനാഥ്**
ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാൻഡിംഗ്
കമ്മറ്റി ചെയർമാൻ



**ജോൺസൺ വിളവിനാൽ**
മെമ്പർ



**ഫിലിപ്പ് അഞ്ചാനി**
മെമ്പർ



**ഗീതമ്മ എം. ജി.**
മെമ്പർ



**സരിഗ പി. എസ്**
മെമ്പർ



**കവിതമോൾ എം. കെ.**
മെമ്പർ



**സനിൽ എസ്.**
മെമ്പർ



**പ്രസന്ന ബാബു**
മെമ്പർ



**സജി വർഗീസ്**
മെമ്പർ



**അന്നമ്മ വർഗീസ്**
മെമ്പർ



**അനിൽകുമാർ ആർ. എസ്**

ഇലന്തൂർ ബ്ലോക്ക്പഞ്ചായത്ത്

**28.02.2026 - 2.30 പി.എം. ലെ ഭരണസമിതി യോഗം**

**തീരുമാനം നമ്പർ 1(1)**

ഇലന്തൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് കമ്മിറ്റി ചർച്ച ചെയ്തു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2026-27 ലെ വകയിരുത്തൽ തുക കൂടി ആകെ വരവിലും ചെലവിലും കൂട്ടിച്ചേർത്തു. 27,95,78,749.00/- രൂപ (ഇരുപത്തിയേഴ് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി എഴുപത്തെണ്ണായിരത്തി എഴുന്നൂറ്റി നാൽപ്പത്തൊമ്പത് രൂപ ) പ്രതീക്ഷിത വരവും 27,58,66,564.00/- രൂപ (ഇരുപത്തിയേഴ് കോടി അമ്പത്തിയെട്ട് ലക്ഷത്തി അറുപത്താറായിരത്തി അഞ്ഞൂറ്റി അറുപത്തിനാല് രൂപ) ചെലവും 37,12,185/- രൂപ (മുപ്പത്തിയേഴ് ലക്ഷത്തി പന്തിരായിരത്തി നൂറ്റി എൺപത്തിയഞ്ച് രൂപ) മിച്ചവുമുള്ള, തരിശു പാടശേഖരങ്ങൾ ഉപയുക്തമാക്കുക, പ്രാദേശിക കുടിവെള്ള പദ്ധതി, വനിതകളുടെയും കുട്ടികളുടെയും വിശ്രമ-വിനോദ കേന്ദ്രങ്ങൾ, വയോജനങ്ങൾക്കായി ഒരിടം, കൃഷി, ക്ഷീരവികസനം, പശ്ചാത്തലം, പാർപ്പിടം, പ്രാദേശിക സാമ്പത്തിക വികസനം, സാമൂഹ്യനീതി, ജെൻഡർ വികസനം എന്നിവക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ഇലന്തൂർ ബ്ലോക്ക്പഞ്ചായത്തിന്റെ വാർഷിക ബജറ്റ് ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. അജി അലക്സ് അവതരിപ്പിച്ചതിന്മേൽ വിശദമായ ചർച്ച നടത്തി വാർഷിക ബജറ്റ് ഐകകണ്ഠേന അംഗീകരിച്ച് തിരുമാനിച്ചു.

(ഒപ്പ്)

പ്രസിഡന്റ്

ഇലന്തൂർ ബ്ലോക്ക്പഞ്ചായത്ത്

ശരിപകർപ്പ്-

**SECRETARY**
**BLOCK PANCHAYATH**
**ELANTHOOR**

# ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്

## ബജറ്റ് പ്രസംഗം 2026-27

ബഹുമാന്യരെ,

ഇലന്തൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് യോഗത്തിലേക്ക് ബഹുമാനപ്പെട്ട ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റിനേയും, അംഗങ്ങളേയും, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരേയും നിർവ്വഹണ ഉദ്യോഗസ്ഥരേയും മറ്റ് എല്ലാ ഉദ്യോഗസ്ഥരേയും ഞാൻ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷത്തിലേക്ക് നാം കടക്കുകയാണ്.അതോടൊപ്പം ഈ ഭരണസമിതിയുടെ ആദ്യ ബജറ്റുമാണിത്. നമ്മുടെ ബ്ലോക്ക് പഞ്ചായത്തിനെ സംസ്ഥാനത്ത് മുൻനിരയിൽ എത്തിക്കുവാൻ നൂതനമായ പദ്ധതികളും, ജനങ്ങളുടെ സമൂഹ്യ-സാമ്പത്തികാവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളും,പ്രത്യേക വികസന പരിപാടികളും ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്.

ഇലന്തൂർ ബ്ലോക്ക്പഞ്ചായത്ത് വളരെക്കാലം മുൻപ് തന്നെ കാർഷിക രംഗത്തും സാംസ്കാരിക രംഗത്തും രാഷ്ട്രീയ രംഗത്തും വളരെ മുന്നേറ്റങ്ങൾ സൃഷ്ടിച്ച് ഒരു പ്രദേശമാണ് ഇത്. കലാരംഗത്തും ഈ മികച്ച മാതൃകകൾ നൽകിയ പാരമ്പര്യം ഈ ബ്ലോക്ക് പഞ്ചായത്തിനുണ്ട്.

കാർഷികരംഗത്ത് സ്വയംപര്യാപ്തത കൈവരക്കുക എന്ന ലക്ഷ്യത്തോടെ മുന്നോട്ട് വയ്ക്കുന്ന പ്രധാന പദ്ധതിയാണ് തരിശുരഹിത പാടങ്ങൾ എന്ന പദ്ധതി.

1. **തരിശു രഹിത പാടങ്ങൾ**

   ഇലന്തൂർ ബ്ലോക്ക്പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ തരിശുപാടങ്ങൾ കൃഷിക്ക് ഉപയുക്തമാമാക്കി തീർക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ബഹു. പത്തനംതിട്ട എം.പി ആന്റോ ആന്റണിയുടെ ഫണ്ടിന്റെ സഹായത്തോടെ ബ്ലോക്ക്പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ തരിശു കിടക്കുന്ന പാശേഖരങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വിവിധ കൃഷികൾക്ക് അനുകൂലമായി രീതിയിൽ പാടങ്ങൾ തയ്യാറാക്കുക എന്നതാണ് ലക്ഷ്യം. ഈ പദ്ധതി കൃഷിക്കാർക്ക് ഏറെ ഉപകാരപ്രദവും സാമ്പത്തിക നേട്ടം കൈവരിക്കാൻ സഹായിക്കുന്നതാണ്.

2. **വനിതകൾക്കും കുട്ടികൾക്കുമായി ഒരിടം**

   ഇലന്തൂർ ബ്ലോക്ക്പഞ്ചായത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും വിനോദത്തിനും വിശ്രമത്തിനും ഒരു സ്ഥലം കണ്ടെത്തുകയും അവിടെ കുട്ടികൾക്കുള്ള പാർക്കും കളിസ്ഥലവും തയ്യാറാക്കുന്നതിലൂടെ അമ്മമാർക്കും കുട്ടികൾക്കും അവരുടെ ഒഴിവുവേളകൾ ആനന്ദപ്രദമാക്കാനും മാനസിക ഉല്ലാസം നേടുന്നതിനും സഹായകമാകും.

3. **വയോജനങ്ങൾക്കായി ഒരിടം**

ഇലന്തൂർ ബ്ലോക്ക്പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശങ്ങളിൽ വയോജനങ്ങളുടെ എണ്ണം വർഷം പ്രതി ഏറി വരുന്നു. അവർ പലപ്പോഴും വീടുകളിൽ ഏകാന്തത അനുഭവിക്കുകയും സമൂഹവുമായി ബന്ധപ്പെടുന്നതിനുള്ള അവസരങ്ങൾ കിട്ടാതെ വരുന്നത് അവരുടെ മാനസിക ആരോഗ്യത്തെ സാരമായി ബാധിക്കുന്നു.

ഇതിന് പരിഹാരമായി ഒരു വയോജനകേന്ദ്രം തുടങ്ങുന്നതിലൂടെ വയോജനങ്ങൾക്ക് ഒരുമിച്ച് കൂടുന്നതിനും അവരുടെ അനുഭവങ്ങൾ പങ്കിടുന്നതിനും മാനസിക ഉല്ലാസം നേടുന്നതിനും ഇടയാക്കുന്നു. അങ്ങനെ മുതിർന്ന പൗരമാരുടെ സേവനം കൂടി ലഭ്യമാക്കുന്നതിന് വയോജനകേന്ദ്രം സഹായകമാകും

4. **പകർച്ച വ്യാധി നിയന്ത്രണ പഠനം**

ജനസാന്ദ്രതയുള്ള മേഖലകളിൽ പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്നുണ്ട്. കാലാവസ്ഥയുടെ മാറ്റം അനുസരിച്ച് ഇവ നിയന്ത്രിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. പദ്ധതി ലക്ഷ്യം വയ്ക്കുന്നത് ജനസാന്ദ്രതയുള്ള കേന്ദ്രങ്ങളിൽ പകർച്ചവ്യാധികൾ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് വിദഗ്ദരെ ഉപയോഗിച്ച് ആവശ്യമായ പഠനങ്ങൾ നടത്തുക എന്നതാണ്. ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

കൃഷി, ക്ഷീരവികസനം, പശ്ചാത്തലം, പാർപ്പിടം, പ്രാദേശിക സാമ്പത്തിക വികസനം, സാമൂഹ്യ നീതി, ജെൻഡർ വികസനം തുടങ്ങി സമഗ്രമേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്.

2026-27 സാമ്പത്തിക വർഷത്തിൽ 13,62,11,207/- (പതിമൂന്ന് കോടി അറുപത്തിരണ്ട് ലക്ഷത്തി പതിനോരായിരത്തി ഇരുന്നൂറ്റി ഏഴ് രൂപ) പ്രതീക്ഷിത വരവും 12,84,99,011/- (പന്ത്രണ്ട് എൺപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി പതിനൊന്ന് രൂപ) ചെലവും 77,12,196/- (എഴുപത്തിയേഴ് ലക്ഷത്തി പന്തീരായിരത്തി നൂറ്റി തൊണ്ണൂറ്റിയാറ് രൂപ) മിച്ചവും പ്രതീക്ഷിക്കുന്ന ബ്ലോക്ക്പഞ്ചായത്തിന്റെ വാർഷിക ബജറ്റ് നിങ്ങളുടെ ഏവരുടേയും വിശദമായ ചർച്ചകൾക്കും അംഗീകാരത്തിനും വേണ്ടി ഞാൻ സസന്തോഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഈ ഭരണസമിതിയുടെ ആദ്യത്തെ സമ്പൂർണ്ണ ബജറ്റാണിത്. 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണത്തിൽ നാളിതുവരെ 60 ശതമാനം തുക ചെലവഴിക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്.നമുക്ക് ലഭിച്ചിട്ടുള്ള വിഭവങ്ങളും ജില്ലാ പഞ്ചായത്തിന്റെയും മറ്റ് തദ്ദേശ സ്ഥാപനങ്ങളുടെ സംയുക്ത പദ്ധതികളും കൂട്ടിച്ചേർത്ത് വരുന്ന അഞ്ച് വർഷക്കാലത്തേക്ക് നമ്മുടെ ബ്ലോക്ക് പഞ്ചായത്തിന്റെ സമൂലമായ മാറ്റത്തിന് അടിത്തറപാകുന്ന ബജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് പ്രാദേശിക കുടിവെള്ള പദ്ധതികൾ, മറ്റ് തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പാർക്കുകൾ, വയോജന ക്ലബുകൾ, ഓപ്പൺ ജിമ്മുകൾ

തുടങ്ങിയ പദ്ധതികൾ ഈ സാമ്പത്തിക വർഷം ലക്ഷ്യംവയ്ക്കുന്നു. 2026-27 ലെ നമ്മുടെ വാർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ആയതിനാൽ നമ്മുടെ അന്തിമ പദ്ധതികളും അതിന്റെ വകയിരുത്തലുകളും വിശദമായി ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പദ്ധതി രൂപീകരണം പൂർത്തിയാകുന്ന മുറയക്ക് അവ ബജറ്റുമായി കൂട്ടിച്ചേർക്കാൻ കഴിയുന്നതാണ്. പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 അനുസരിച്ച് പ്രാദേശിക സർക്കാർ എന്ന നിലയിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മാർച്ച് 31 നുള്ളിൽ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരിപ്പിച്ചു അംഗീകരിക്കേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2026-27 വാർഷിക ബജറ്റിലെ വിശദവിവരങ്ങൾ ചുവടെ ചേർത്ത് അവതരിപ്പിക്കുകയാണ്.

## പ്രാദേശിക കുടിവെള്ള പദ്ധതികൾ

ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ 7 ഗ്രാമ പഞ്ചായത്തുകളാണുള്ളത്. ഈ പഞ്ചായത്തുകളുടെ വിവിധ മേഖലകളിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം അനുവഭിക്കുന്നുണ്ട്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള ആദ്യപടിയായി ജില്ലാ പഞ്ചായത്തുമായും ഗ്രാമ പഞ്ചായത്തുകളുമായും സംയുക്തമായി ചേർന്ന് പ്രാദേശിക കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ വകയിരുത്തുന്നു.

## വനിതാ-ശിശു ക്ഷേമ പദ്ധതികൾ

വനിതകൾക്കും കുട്ടികൾക്കും സായാഹ്നങ്ങളിൽ വിശ്രമിക്കാനും ഉല്ലാസങ്ങളിൽ ഏർപ്പെടാനും പുതിയ പദ്ധതി ആരംഭിക്കുകയാണ്. സംയുക്തമായി നടപ്പിലാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങൾ വിട്ടുനൽകുന്ന സ്ഥലങ്ങളിൽ പാർക്കുകൾ, ഓപ്പൺ ജിമ്മുകൾ, തുടങ്ങി വിശ്രമത്തിനും ഉല്ലാസത്തിനുമായുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

വനിതകൾക്ക് യോഗപരിശീലനത്തിനായി 3 ലക്ഷം രൂപയും, വാർഷിക പദ്ധതി അന്തിമാക്കുമ്പോൾ വനിതാമേഖലയിൽ വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

ശിശുക്ഷേമ പദ്ധതികളുടെ ഭാഗമായി അംഗൻവാടികളുടെ നിർമ്മാണത്തിനായി 25 ലക്ഷം രൂപ വകയിരുത്തുന്നു. വാർഷിക പദ്ധതി അന്തിമാക്കുമ്പോൾ ശിശുക്ഷേമ മേഖലയിൽ വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിനായി 15 ലക്ഷം രൂപ വകയിരുത്തുന്നു.

## വയോജനക്ഷേമ പദ്ധതികൾ

വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിനും അവർക്ക് കുടിച്ചേരലിനുമായി വയോജന ക്ലബുകളും ഗ്രാമീണ വായനാകേന്ദ്രങ്ങളും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുകയാണ്. പ്രാരംഭ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി 15 ലക്ഷം രൂപയും വകയിരുത്തുന്നു. വാർഷിക പദ്ധതി അന്തിമാക്കുമ്പോൾ വയോജനക്ഷേമ മേഖലയിൽ വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

## പാർപ്പിട മേഖല

ഭവന നിർമ്മാണ പദ്ധതികളായ ലൈഫ്/ പി.എം.എ.വൈ.ജി.പദ്ധതികൾക്കായി 2 കോടി രൂപ വകയിരുത്തുന്നു

## കാർഷിക മേഖല

കാർഷിക മേഖലയിൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 20 ലക്ഷം രൂപയും നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി ഇനത്തിൽ 10 ലക്ഷം രൂപയും വന്യമൃഗങ്ങളിൽ നിന്ന് കൃഷി സംരക്ഷണത്തിനായി 10 ലക്ഷം രൂപയും വകയിരുത്തുന്നു.

## ക്ഷീരവികസനം, മൃഗസംരംക്ഷണം

ക്ഷീരവികസനത്തിൽ ക്ഷീരകർഷകന് വൈക്കോലിന് 4 രൂപ സബ്സിഡി നൽകുന്ന വൈക്കോൽ സമൃദ്ധി എന്ന പദ്ധതിക്കായി 5 ലക്ഷം രൂപയും പാലിന് സബ്സിഡി ഇനത്തിൽ 8 ലക്ഷം രൂപയും, കാലിത്തീറ്റ ഇനത്തിൽ 5 ലക്ഷം രൂപയും, ഫാം ആധുനീകരണത്തിനായി 10 ലക്ഷം രൂപയും, ചാണകം ഉണക്കിപൊടിക്കുന്നതിനുള്ള യൂണിറ്റിന് 2 ലക്ഷം രൂപ വകയിരുത്തുന്നു.

## പ്രാദേശിക സാമ്പത്തിക വികസനം

പ്രാദേശിക സാമ്പത്തിക വികസനത്തിൽ ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങൾക്കായി വിവിധ വിഭാഗങ്ങളിലായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

## ഭിന്നശേഷിക്കാരുടെ ക്ഷേമം

ഭിന്നശേഷികുട്ടികൾക്കുള്ള സ്കോളർഷിപ്പിനായി 8 ലക്ഷം രൂപയും, ഉണർവ്വ്-ഭിന്നശേഷി കലോത്സവത്തിനായി 1,75,000/- രൂപയും, ഇലക്ട്രിക് ട്രൈസ്കൂട്ടർ പദ്ധതിയ്ക്കായി 3 ലക്ഷം രൂപ വകയിരുത്തുന്നു.

**സേവനമേഖല**

അതിദാരിദ്ര നിർമ്മാർജ്ജന പദ്ധതികൾക്ക് സഹായം നൽകുന്നതിനായി 10 ലക്ഷം രൂപയും, യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് നൽകുന്നതിനായി 4 ലക്ഷം രൂപയും, പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനായി 1 ലക്ഷം രൂപയും, കേരളോത്സവത്തിന് 1.5 ലക്ഷം രൂപയും, പദ്ധതി രൂപീകരണ ചെലവുകൾക്ക് ഒന്നര ലക്ഷം രൂപയും വകയിരുത്തുന്നു.

**പട്ടികജാതി വികസനം**

പട്ടികജാതി വികസന മേഖലയിൽ ഒരു ഉന്നതി ഒരു ഉല്പ്പന്നം എന്ന നൂതന പദ്ധതി ആരംഭിക്കുകയാണ്. മേഖലയിലെ സാമൂഹ്യ സാമ്പത്തിക വികാസം ലക്ഷ്യം വച്ചാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ വകയിരുത്തുന്നു.വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി 50 ലക്ഷം രൂപയും, യുവാക്കൾക്ക് വാദ്യോപകരണ പരിശീലനത്തിനായി 4 ലക്ഷം രൂപയും, വിവധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപയും ഭവന നിർമ്മാണ പദ്ധതികൾക്കായി 40 ലക്ഷം രൂപയും ഈ മേഖലയിലെ മറ്റ് പദ്ധതികൾക്കായി 20 ലക്ഷം രൂപയും വകയിരുത്തുന്നു.

**പട്ടികവർഗ്ഗ വികസനം**

ഈ മേഖലയിലെ വിവിധ പദ്ധതികൾക്കായി 1 ലക്ഷം രൂപ വകയിരുത്തുന്നു.

**കുടിവെള്ളം, ശുചിത്വം**

കുടിവെള്ള വിഭാഗത്തിലെ പദ്ധതികൾക്കായി 25 ലക്ഷം രൂപയും, ശുചിത്വ മേഖലയിലെ പദ്ധതികൾക്കായി 25 ലക്ഷം രൂപയും വകയിരുത്തുന്നു.

**പശ്ചാത്തല മേഖല**

പശ്ചാത്തല മേഖലയിലെ വിവിധ പദ്ധതികൾക്കായി 60 ലക്ഷം രൂപ വകയിരുത്തുന്നു

**ആരോഗ്യ മേഖല**

ഇലന്തൂർ സി.എച്ച്.സിക്ക് മരുന്നു വാങ്ങലിനായി 14 ലക്ഷം രൂപയും, പാലിയേറ്റീവ് പദ്ധതികൾക്കായി 15 ലക്ഷം രൂപയും, പാലിയേറ്റീവ് കുടുംബ സംഗമത്തിനായി 2 ലക്ഷം രൂപയും, മറ്റ് പദ്ധതികൾക്കായി 3 ലക്ഷം രൂപയും വകയിരുത്തുന്നു

**ജനറൽ പർപ്പസ് ഗ്രാന്റ്**

ബ്ലോക്ക് പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, അംഗങ്ങളുടെ ഹോണറേറിയം, യാത്രപ്പടി, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ, ഭരണ ചെലവുകൾ, മറ്റ് അനിവാര്യചെലവുകൾ എന്നിവയ്ക്കായി 66 ലക്ഷം രൂപ വകയിരുത്തുന്നു.

**മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2026-27 കാലയളവിൽ 14,33,67,542/- രൂപയുടെ പ്രവർത്തനങ്ങളാണ് ഏറ്റെടുക്കുന്നത്. 2,929 തൊഴിലാളികൾക്കായി 2,35,544 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്.

26,04,899 രൂപ ചെലവ് പ്രതീക്ഷിക്കുന്ന 268 സോക്ക്പിറ്റുകൾ, 31,44,777 രൂപ ചെലവ് പ്രതീക്ഷിക്കുന്ന 242 കമ്പോസ്റ്റ് പിറ്റുകൾ, 73,00,830 രൂപയുടെ 136 എണ്ണം കോഴിക്കൂടുകൾ, 69,39,486 രൂപയുടെ 103 ആട്ടിൻകൂടുകൾ, 22,83,372 രൂപയുടെ കിണർ റീചാർജ്ജുകൾ, 3672973 രൂപയുടെ 71 കിണറുകൾ, 63,37,371 രുപയുടെ 87 എണ്ണം കാലിത്തൊഴുത്തുകൾ, 467223 രൂപയുടെ 57 അസോള ടാങ്കുകൾ, 13,041,107 രൂപയുടെ 70 പുൽത്തകിടികൾ, 95,13,003 രൂപ ചെലവിൽ 36 ഫാം പോണ്ടുകൾ, തുടങ്ങിയവ പ്രതീക്ഷിക്കുന്ന ആസ്തി വികസന പദ്ധതികളാണ്.

കുടിവെള്ള സ്രോതസ്സുകളുടെ ഉൾപ്പെടെ ഭൂഗർഭജല വിതരണ ഉയർത്തുന്നതിനാവശ്യമായ പ്രവൃത്തികൾക്കായി 68.15 ലക്ഷം രൂപയും, നീർത്തട പരിപാലത്തിനായി 315.72 ലക്ഷവും, ജലസേചന തോടുകളുടെ പുനരുദ്ധാരണത്തിനായി 67.69 ലക്ഷവും, സാമൂഹിക വനവത്കരണത്തിനായി 55.55 ലക്ഷവും, ഫാം ഫോറസ്ട്രിക്കായി 18.80 ലക്ഷവും, സ്വയം സഹായസംഘങ്ങളുടെ വർക്ക് ഷെഡിനായി 18.18 ലക്ഷവും, അംഗനവാടി മുതലായവയ്ക്കായി 95.22 ലക്ഷവും, ശുചിത്വ പ്രവൃത്തികൾക്കായി 54.35 ലക്ഷവും, ഭൂവികസന പ്രവൃത്തികൾക്കായി 93.63 ലക്ഷവും, വകയിരുത്തിയ കർമ്മപദ്ധതിയാണ് ആവിഷ്ക്കരിക്കുന്നത്..

**ബ്ലോക്ക് പഞ്ചായത്തിന് പുതിയ കെട്ടിട സമുച്ചയം**

ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം നടക്കുകയാണ്. കെട്ടിട നിർമ്മാണത്തിനായി ഈ ബജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തുന്നു.

**ബ്ലോക്ക് പഞ്ചായത്തിന് പുതിയ വാഹനം**

ബ്ലോക്ക് പഞ്ചായത്തിന്റെ വാഹനം 15 വർഷം പൂർത്തീകരിച്ചതിനാലും ഏകദേശം 2 ലക്ഷം കിലോമീറ്റർ ഉപയോഗിച്ചിട്ടുള്ളതിനാലും വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്ക് നിരന്തരമായി ചെലവുള്ളതിനാലും ദീർഘദൂര യാത്രകൾക്ക് ഉപയോഗപ്രദമല്ലാത്തതിനാലും പുതിയ വാഹനം വാങ്ങുന്നതിനായി 13 ലക്ഷം രൂപ വകയിരുത്തുന്നു.

**ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ സാമൂഹ്യ-സാമ്പത്തിക-വികസന പ്രവർത്തനങ്ങളിൽ ഊന്നൽ നൽകിയിട്ടുള്ള 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് ഭരണ സമിതി അംഗങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.**

**അജി അലക്സ്**
**വൈസ് പ്രസിഡന്റ്**
**ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ**
**ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്**

# ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്

## ബഡ്ജറ്റ് 2026-27

| | |
|---|---|
| പ്രാരംഭ ബാക്കി | 37,70,196 |
| ആകെ നികുതിയേതര വരുമാനം | 4,50,000 |
| ജനറൽ പർപ്പസ് ഫണ്ട് | 95,18,000 |
| ആകെ പദ്ധതി വിഹിതം | 10,36,24,011 |
| ലോൺ, നിക്ഷേപങ്ങൾ, മുൻകൂറുകൾ | 1,42,00,000 |
| റിക്കവറികൾ | 3,30,000 |
| **ആകെ വരവുകൾ (പ്രാരംഭബാക്കി ഉൾപ്പെടെ)** | **13,62,11,207** |
| ആകെ അഡ്മിനിസ്ട്രേറ്റീവ് & എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 65,56,000 |
| ആകെ പദ്ധതി ചെലവുകൾ | 11,19,43,022 |
| ആകെ ലോണുകൾ | 1,37,00,000 |
| ആകെ റിക്കവറികൾ | 3,00,000 |
| **ആകെ ചെലവുകൾ** | **13,24,99,022** |
| **നീക്കിബാക്കി** | **37,12,185** |

## ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്

## ബഡ്ജറ്റ് 2026-27

| പ്രാരംഭ ബാക്കി | 37,70,196 |
|---|---|

## BS1 OWN SOURCE REVENUE

### BS 1 B NON TAX REVENUE ( നികുതിയേതര വരുമാനം)

REVENUE FROM OWN SOURCES

| Head id | Head code | Account head | Account Heads in Malayalam | 2026-27 |
|---|---|---|---|---|
| 1 | 1402003 | Other Penalities and Fines | മറ്റ് പിഴകളും ശിക്ഷകളും | 20,000 |
| 2 | 1501102 | Receipts from Sale of Tender Forms | ടെന്റർ ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 2,00,000 |
| 3 | 1501202 | Receipts from Sale of Scrap | ആക്രി വിൽപ്പനയിൽ നിന്നുള്ള വരവ് | 30,000 |
| 4 | 1711001 | Interest from Bank Accounts | ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ | 2,00,000 |
| നികുതിയേതര വരുമാനം ആകെ | | | | 4,50,000 |
| BS 2 ASSIGNED REVENUES AND GRANTS | | | | |
| BS 2 A (ജനറൽ പർപ്പസ് ഫണ്ട്) | | | | |
| 5 | 1601023 | General Purpose Fund | ജനറൽ പർപ്പസ് ഫണ്ട് | 95,18,000 |

## BS 2 B റവന്യൂ ഗ്രാന്റ് (പദ്ധതി വിഹിതം)

| Head id | Head code | Account head | Account Heads in Malayalam | 2026-27 |
|---|---|---|---|---|
| 6 | 1601001 | Development Fund - General | വികസനഫണ്ട് - ജനറൽ | 2,91,61,000 |
| 7 | 1601002 | Development Fund - Special Component Plan | വികസനഫണ്ട് - പ്രത്യേക ഘടക പദ്ധതി | 1,49,83,000 |
| 8 | 1601003 | Development Fund - Tribal Sub Plan | വികസനഫണ്ട് - പട്ടികവർഗ്ഗ ഉപ പദ്ധതി | 99,000 |
| 9 | 1601022 | Maintenance Fund - Non-Road Assets | മെയിന്റനൻസ് ഫണ്ട് - റോഡിതരം | 64,11,000 |
| 10 | 1602005 | Central Finance Commisiion Grant - Untied | ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാന്റ് | 29,70,011 |
| 11 | 1602006 | Central Finance Commisiion Grant - Tied | ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് | 43,19,000 |
| 12 | 1604001 | Contribution towards Joint Venture Projects from District Panchayat | സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - ജില്ലാപഞ്ചായത്തിൽ നിന്ന് | 2,00,00,000 |
| 13 | 1604003 | Contribution towards Joint Venture Projects from Grama Panchayat | സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - ഗ്രാമ പഞ്ചായത്തിൽ നിന്ന് | 1,50,00,000 |
| 14 | 3202021 | Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Life Mission | പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും- സംസ്ഥാനാവിഷ്കൃത പദ്ധതികളും വികസന ഫണ്ടും ഒഴികെ - ലൈഫ് മിഷൻ | 1,50,00,000 |
| | ആകെ പദ്ധതി വിഹിതം | | | 10,79,43,011 |

## BS 3ലോൺ, നിക്ഷേപങ്ങൾ, മുൻകൂറുകൾ

| Head id | Head code | Account head | Account Heads in Malayalam | 2026-27 |
|---|---|---|---|---|
| 15 | 4315002 | Receivables from Government (redemption amount) | സർക്കാരിൽ നിന്നും കിട്ടുന്നത് (റിഡംപ്ഷൻ എമൗണ്ട്) | 1,25,00,000 |
| 16 | 4605002 | Advance to Implementing Agencies | നിർവ്വഹണ ഏജൻസികൾക്കുള്ള മുൻകൂറുകൾ | 5,00,000 |
| 17 | 4605004 | Temporary Advances for Official Purposes | ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള താൽക്കാലിക മുൻകൂറുകൾ | 2,00,000 |
| 18 | 4605005 | Advance to Mahatma Gandhi NREGS/ AUEGS | മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | 10,00,000 |
| | TOTAL OF LOANS, DEPOSITS AND ADVANCES | | | 1,42,00,000 |

## BS 4 RECOVERIES (റിക്കവറികൾ)

| Head id | Head code | Account head | Account Heads in Malayalam | 2026-27 |
|---|---|---|---|---|
| 19 | 2801001 | Prior Period Income | മുൻകാല വരവുകൾ | 30,000 |
| 20 | 2801002 | Prior Period Income - Recovery of Unutiltzed Grants/ Funds | മുൻകാല വരവുകൾ- ഉപയോഗിക്കാത്ത ഗ്രാന്റുകളും ഫണ്ടുകളും തിരികെ ലഭിച്ചവ | 3,00,000 |
| ആകെ റിക്കവറികൾ | | | | 3,30,000 |
| ആകെ വരവുകൾ | | | | 13,62,11,207 |

## BS 5 അഡ്മിനിസ്ട്രേറ്റീവ് & എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ

### എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ

| Head id | Head code | Account head | Account Heads in Malayalam | 2026-27 |
|---|---|---|---|---|
| 1 | 2101004 | Salaries - Contract Staff | ശമ്പളം - കരാർ ജീവനക്കാർ | 1,00,000 |
| 2 | 2101101 | Wages | വേതനം | 5,00,000 |
| 3 | 2102014 | Monthly Honorarium and Sitting Allowance - Councillors/ Members | മാനവേതനവും ഹാജർ ബത്തയും - കൗൺസിലർമാർ/ അംഗങ്ങൾ | 25,00,000 |
| 4 | 2102017 | Festival Allowance | ഉത്സവബത്ത | 20,000 |
| 5 | 2102019 | Travelling Allowance - Councillors/ Members | യാത്ര ബത്ത - കൗൺസിലർമാർ/ അംഗങ്ങൾ | 1,50,000 |
| ആകെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | | | | 32,70,000 |

| ഭരണ ചെലവുകൾ | | | | |
|---|---|---|---|---|
| **Head id** | **Head code** | **Account head** | **Account Heads in Malayalam** | **2026-27** |
| 6 | 2201002 | Land Tax/ Basic Tax | ഭൂനികുതി / അടിസ്ഥാന നികുതി | 1,000 |
| 7 | 2201101 | Office Electricity Expenses | ആഫീസിലെ വൈദ്യുതി ചെലവുകൾ | 2,00,000 |
| 8 | 2201102 | Water Charges - Office | വെള്ളത്തിന്റെ ചാർജുകൾ | 75,000 |
| 9 | 2201201 | Telephone Expenses/ Internet Charges | ടെലഫോൺ ചെലവുകൾ/ ഇന്റർനെറ്റ് ചാർജുകൾ | 75,000 |
| 10 | 2201202 | Postage Expenses | തപാൽ ചെലവുകൾ | 20,000 |
| 11 | 2202001 | Books & Periodicals | പുസ്തകങ്ങളും ആനുകാലികങ്ങളും | 40,000 |
| 12 | 2202101 | Printing & Stationery | അച്ചടിയും സ്റ്റേഷനറികളും | 1,00,000 |
| 13 | 2204001 | Insurance | ഇൻഷുറൻസ് | 50,000 |
| 14 | 2205101 | Miscellaneous Legal Expenses | പലവക നിയമപരമായ ചെലവുകൾ | 50,000 |
| 15 | 2205201 | Professional & Other Fees | വിദഗ്ദ്ധർക്കും മറ്റുമുള്ള ഫീസ് | 50,000 |
| 16 | 2206001 | Newspaper Advertisement Charges | പത്രപ്പരസ്യത്തിനുള്ള ചെലവുകൾ | 1,50,000 |
| 17 | 2208099 | Miscellaneous Administration Expenses | മറ്റ് ഭരണനിർവ്വഹണ ചെലവുകൾ | 12,00,000 |
| ആകെ ഭരണചെലവുകൾ | | | | 20,11,000 |

| സംരക്ഷണ ചെലവുകൾ | | | | |
|---|---|---|---|---|
| Head id | Head code | Account head | Account Heads in Malayalam | 2026-27 |
| 18 | 2301002 | Fuel Charges | ഇന്ധനചെലവുകൾ | 4,25,000 |
| 19 | 2304001 | Vehicle Hire Charges | വാഹനങ്ങളുടെ വാടക | 2,00,000 |
| 20 | 2305301 | Repairs & Maintenance - Vehicles | സംരക്ഷണവും പരിപാലനവും - വാഹനങ്ങൾ | 2,50,000 |
| 21 | 2305902 | Repairs & Maintenance - Office Equipments | സംരക്ഷണവും പരിപാലനവും - ഓഫീസ് ഉപകരണങ്ങൾ | 2,00,000 |
| 22 | 2305909 | Other Repairs & Maintenance | സംരക്ഷണവും പരിപാലനവും - മറ്റുള്ളവ | 50,000 |
| 23 | 2308201 | Refreshment Charges | ലഘുഭക്ഷണ ചെലവുകൾ | 1,50,000 |
| ആകെ സംരക്ഷണ ചെലവുകൾ | | | | 12,75,000 |
| **ആകെ അഡ്മിനിസ്ട്രേറ്റീവ് & എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ** | | | | **65,56,000** |

## പദ്ധതി ചെലവുകൾ

| Head id | Head code | Account head | Account Heads in Malayalam | 2026-27 |
|---|---|---|---|---|
| 24 | 2502001 | Expenditure on Poverty Eradication Program | ദാരിദ്ര്യനിവാരണ പദ്ധതിയിന്മേലുള്ള ചെലവുകൾ | 1,50,00,000 |
| 25 | വാർഷിക പദ്ധതി ചെലവുകൾ | | | 9,69,43,022 |
| **ആകെ പദ്ധതി ചെലവുകൾ** | | | | **11,19,43,022** |

## BS8 ലോൺ, നിക്ഷേപങ്ങൾ, മുൻകൂറുകൾ തിരികെ

| Head id | Head code | Account head | Account Heads in Malayalam | 2026-27 |
|---|---|---|---|---|
| 26 | 4315002 | Receivables from Government (redemption amount) | സർക്കാരിൽ നിന്നും കിട്ടുന്നത് (റിഡംപ്ഷൻ എമൗണ്ട്) | 1,25,00,000 |
| 27 | 4605004 | Temporary Advances for Official Purposes | ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള താൽക്കാലിക മുൻകൂറുകൾ | 2,00,000 |
| 28 | 4605005 | Advance to Mahatma Gandhi NREGS/ AUEGS | മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | 10,00,000 |
| **ആകെ ലോൺ, നിക്ഷേപങ്ങൾ, മുൻകൂറുകൾ തിരികെ** | | | | **1,37,00,000** |

| BS 9 RECOVERIES (റിക്കവറികൾ) | | | | |
|---|---|---|---|---|
| **Head id** | **Head code** | **Account head** | **Account Heads in Malayalam** | 2026-27 |
| 29 | 2808001 | Prior Period Expenses | മുൻകാല ചെലവുകൾ | 2,00,000 |
| 30 | 2808002 | Prior Period Expenses - Remittance of Unutilized Grants to Government | മുൻകാല ചെലവുകൾ-സർക്കാരിലേക്കുള്ള ഉപയോഗിക്കാത്ത ഗ്രാന്റുകളുടെ തിരിച്ചടവ് | 1,00,000 |
| TOTAL RECOVERIES (ആകെ റിക്കവറികൾ) | | | | **3,00,000** |
| **ആകെ ചെലവുകൾ** | | | | **13,24,99,022** |
| | | | | |
| **നീക്കിബാക്കി** | | | | **37,12,185** |